H – 2142

(Pages : 4)

Reg. No. : .....

Name : .....

First Semester B.Com. Degree Examination, November 2019

First Degree Programme under CBCSS

Malayalam Language

Language Course II – Additional Language I

ML 1111.2 : നോവൽ, നാടകം, സഞ്ചാരസാഹിത്യം

(2018 admission onwards)

Time : 3 Hours

Max. Marks : 80

I. ഒരു വാക്കിലോ പരമാവധി രണ്ടു വാക്യത്തിലോ ഉത്തരമെഴുതുക.

1. ബന്യാമിന് ജെ.സി.ബി. പുരസ്കാരം നേടിക്കൊടുത്ത കൃതിയേത്?

2. സരസ്വതിവിജയം എന്ന നോവൽ എഴുതിയതാര്?

3. ആദ്യകാലസംഗീതനാടകങ്ങളുടെ കൂട്ടത്തിൽ അദ്വിതീയസ്ഥാനം കല്പിക്കപ്പെടുന്ന കെ.സി. കേശവപിള്ളയുടെ നാടകമേത്?

4. സഞ്ചാരികളുടെ സ്വർഗ്ഗമെന്നു വിശേഷിപ്പിക്കപ്പെടുന്ന നാട്?

5. 'അക്കാലത്തെ ഒരു അറ്റംബോബ്' എന്ന് കെ. കേളപ്പൻ വിശേഷിപ്പിച്ച നാടകം.

6. ഒടിവിദ്യയും മറ്റും വശമുള്ള ബാലിയിലെ മഹാമന്ത്രവാദികൾക്കു പറയുന്ന പേര്.

7. മലയാളനോവൽ സാഹിത്യചരിത്രം എന്ന കൃതിയുടെ രചയിതാവ്?

P.T.O.

8. കെ.പി.എ.സി.യുടെ ആദ്യനാടകമേത്?

9. പുറപ്പുത്താൻ എന്ന വാക്കിന്റെ അർത്ഥമെന്ത്?

10. സിനിമയുടെ ബ്ലൂപ്രിന്റ് എന്നറിയപ്പെടുന്നത് എന്താണ്?

(10 × 1 = 10 Marks)

II. ഒരു ഖണ്ഡികയിൽ കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. വൈവിധ്യങ്ങളുടെ ചിത്രശാലകളെന്ന് മലയാ ദ്വീപുകളിലെ വനഭൂമികളെ പൊപ്പെക്കോട്ട് വിശേഷിപ്പിക്കുന്നതെന്തുകൊണ്ട്?

12. വർത്തമാനപ്പുസ്തകം - കുറിപ്പെഴുതുക.

13. നജീബിന്റെ മരുഭൂമിയിലെ ലോകം എപ്രകാരമുള്ളതായിരുന്നു?

14. മേലിൽ ഇന്ത തപ്പെ വരകൂടാത്. ഫസ്റ്റ് വന്തവർ ഫസ്റ്റ്. ലാസ്റ്റ് വർറ ആള് ലാസ്റ്റ്. തെരിഞ്ചിതാ - ആരുടെ വാക്കുകൾ? സന്ദർഭം വ്യക്തമാക്കുക.

15. ഏഷ്യയുടെ ഏറ്റവും ഒടുവിലത്തെ മൈൽക്കുറ്റിയെന്ന് ബാലിദ്വീപിനു പേരു വരാൻ കാരണമെന്ത്?

16. വേദനകളും ദുഃഖങ്ങളും ഉറഞ്ഞുപോയ ഒരു ജീവിതം മാത്രമാണ് എനിക്കവിടെ കാണാൻ കഴിഞ്ഞത് - ആർക്ക്? എവിടെ?

17. ഗോഗോക്ക് എന്നാൽ എന്താണ്?

18. മാമച്ചന് അതൊരു ശവത്തിന്മേൽ കുത്തലാണെന്നു മനസ്സിലായി - സൂചിതമെന്ത്?

19. വികാരങ്ങൾക്ക് ഭാഷ ആവശ്യമില്ലെന്ന് നജീബ് ചിന്തിച്ചാൻ കാരണമെന്ത്?

20. മലയാളനാടകവേദിയും കെ.ടി. മുഹമ്മദും - കുറിപ്പെഴുതുക.

21. ഈ ഒരോട്ടംകൊണ്ട് നിനക്കത്തിൽനിന്നു രക്ഷപ്പെടാൻ കഴിയുമോ? - ആരുടെ വാക്കുകൾ? സൂചിതമെന്ത്?

22. നീ പോലീസിൽ ചേർന്നതും ഇങ്ങോട്ട് ട്രാൻസ്ഫർ വാങ്ങിവന്നതും ഈ ഒരൊറ്റക്കാര്യത്തിനാണെന്നു തോന്നുമല്ലോ? - വിവക്ഷിതം വ്യക്തമാക്കുക.

(8 × 2 = 16 Marks)

III. **നൂറ്റിയിരുപതു** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

23. മലയാളത്തിലെ ആദ്യകാല സഞ്ചാരസാഹിത്യത്തെക്കുറിച്ച് വിവരിക്കുക.

24. ഭാമിനിയ്ക്കു മുന്നിൽ പവിത്രൻ വെളിപ്പെടുത്തിയ രഹസ്യം എന്ത്?

25. ആടുജീവിതത്തിൽ ആവിഷ്കരിക്കുന്ന ഭീകരജീവിയുടെ ചിത്രം എപ്രകാരമാണ്?

26. ബട്ട്വാഞ്ഞിയിലെ ജോഗേ നൃത്തം കാണാൻ പോയ അനുഭവം പൊറ്റെക്കാട്ട് എപ്രകാരമാണ് വിവരിക്കുന്നത്?

27. പ്രതീക്ഷയുടെ ചിഹ്നങ്ങളെ ആടുജീവിതത്തിൽ എപ്രകാരം ചിത്രീകരിച്ചിരിക്കുന്നു? വിശദീകരിക്കുക.

28. തനതുനാടകവേദി എന്തെന്നു വിശദമാക്കുക.

29. ലാസം രംഗകേസരി എന്ന ലഗോങ് കഥ വിവരിക്കുക.

30. ഗൃഹാതുരത്വം എപ്രകാരമാണ് ആടുജീവിതത്തിൽ കടന്നുവരുന്നത്?

31. ഭരണകൂടത്തിന്റെ തെറ്റായ നയങ്ങൾ കാരണം ജീവിതം നഷ്ടപ്പെടുന്ന സാധാരണ മനുഷ്യരുടെ വ്യഥകളാണ് നാൽക്കവല ചർച്ച ചെയ്യുന്നത് - സമർത്ഥിക്കുക.

(6 × 4 = 24 Marks)

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

32. സഞ്ചാരസാഹിത്യരംഗത്തെ നിത്യാദ്ഭുതമാണ് ബാലിദ്വീപ് - സമർത്ഥിക്കുക.

33. ഏറെ പുതുമയൊന്നുമില്ലാത്ത ഒരു സംഭവത്തിലൂടെ നമ്മുടെ സമൂഹത്തിന്റെയും ജീവിതത്തിന്റെയും ഒരു മാത്രാചിത്രം അവതരിപ്പിക്കുകയാണ് നാൽക്കവല - നിരൂപണം ചെയ്യുക.

34. ദയനീയമായ മനുഷ്യാവസ്ഥയുടെ പരിച്ഛേദമാണ് ആടുജീവിതം - വിലയിരുത്തുക.

35. സിനിമയുടെ പാഠം എന്ന നിലയിൽ തിരക്കഥയുടെ പ്രസക്തി വിശദീകരിക്കുക.

(2 × 15 = 30 Marks)
